നമ്പർ.സി.പി(1)37179/08

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 24.12.2009

## സർക്കുലർ നമ്പർ. 65/09

വിഷയം : സഹകരണ വകുപ്പ് – പ്രാഥമിക സർവ്വീസ് സഹകരണ ബാങ്ക് – സേഫ് ഡെപ്പോസിറ്റ് ലോക്കർ നിയമ പരിഷ്ക്കാരം സംബന്ധിച്ച്.

സൂചന : 1. 28.11.2008 ലെ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ RPCD(T) No.PoL.1503/02.03.02/2008-2009 നമ്പർ കത്ത്.
2. 07.07.2009 ലെ സർക്കാരിന്റെ 6915/സി3/09/സഹ നമ്പർ കത്ത്.

................

പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലെ സേഫ് ഡെപ്പോസിറ്റ് ലോക്കറിൽ കസ്റ്റമർ സൂക്ഷിക്കുന്ന വസ്തുക്കൾ എന്താണെന്ന് ബാങ്ക് അധികൃതർക്ക് അറിയാൻ സാധിക്കില്ല. ആകയാൽ സേഫ് ഡെപ്പോസിറ്റ് ലോക്കർ സംബന്ധിച്ച് കാലോചിതമായ നിയമപരിഷ്ക്കാരം ഉണ്ടാവണമെന്ന ആവശ്യം ഉയർന്നതിന്റെ സാഹചര്യത്തിൽ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ സംസ്ഥാനസഹകരണബാങ്കിനും, ജില്ലാസഹകരണബാങ്കുകൾക്കും നൽകിയിട്ടുള്ള താഴെപ്പറയുന്ന നിബന്ധനകൾ സർവ്വീസ് സഹകരണ ബാങ്കുകൾക്കും ബാധകമാക്കിക്കൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ലോക്കർ ഉപയോഗിക്കുന്ന കസ്റ്റമേഴ്സിനെ മീഡിയം റിസ്ക്, ഹയർ റിസ്ക് എന്നീ ക്ലാസ്സുകളിലായി ക്ലാസിഫൈ ചെയ്യാവുന്നതാണ്.
2. മീഡിയം റിസ്ക്ക് കാറ്റഗറിയിലുള്ളവർ മൂന്ന് വർഷം ലോക്കർ തുറക്കാതിരിക്കുകയും, ഹയർ റിസ്ക്ക് കാറ്റഗറിയിലുള്ളവർ ഒരു വർഷം ലോക്കർ ഫെസിലിറ്റി ഉപയോഗിതിരിക്കുകയും ചെയ്താൽ ബാങ്ക്, കസ്റ്റമറുമായി ബന്ധപ്പെടേണ്ടതും, ഒന്നുകിൽ ലോക്കർ സൗകര്യം ഉപയോഗിക്കണമെന്ന് കസ്റ്റമർക്ക് നിർദ്ദേശം നൽകേണ്ടതും, അല്ലാത്ത പക്ഷം ആയത് റദ്ദ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
3. വർഷങ്ങളായി മതിയായ കാരണം കൂടാതെ ലോക്കർ തുറക്കാതിരുന്നാൽ ആവശ്യമായ നിയമോപദേശം തേടിയ ശേഷം ലോക്കർ തുറന്നു നടപടി സ്വീകരിക്കാവുന്നതാണ്.

(ഒപ്പ്)
സഹകരണ സംഘം രജിസ്ട്രാർ

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും

2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ & ആഡിറ്റ്)മാർക്കും
3. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം)
4. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
5. ഡയറക്ടർ, പബ്ലിക് റിലേഷൻ വകുപ്പ് (ഉപരിപത്രം സഹിതം)
6. സർക്കുലർ ബുക്ക്
7. എല്ലാ സഹകരണ പ്രസിദ്ധീകരണങ്ങൾക്കും
8. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
9. എഡിറ്റർ, സഹകരണ വീഥി
10. ഇരിപ്പ് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

Stalhi

അസിസ്റ്റന്റ് രജിസ്ട്രാർ(സി.പി)

എസ്.എ/06.01